(ബി) കഴിഞ്ഞ വർഷങ്ങളിലെ പോലെതന്നെ ഈ വർഷവും ക്രിസ്തുമസ് പുതുവത്സര ഉത്സവകാലത്ത് വിപണിയിൽ സജീവമായി ഇടപെട്ട് പൊതുജനങ്ങൾക്ക് ക്രിസ്തുമസിന് ആവശ്യമായ ഉല്പന്നങ്ങൾ ഉൾപ്പെടെ എല്ലാ അവശ്യവസ്തുക്കളും ന്യായവിലയ്ക്ക് കേരളത്തിലുടനീളം സപ്ലൈകോ വിൽപ്പനശാലകൾവഴി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. ഈ വർഷം തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ ആരംഭിച്ച 4 മെട്രോ ഫെയറുകൾക്കു പുറമേ 14-12-2015-ാം തീയതി മുതൽ 24-12-2015-ാം തീയതി വരെ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റുകൾ എന്നിവയോടനുബന്ധിച്ച് 424 ക്രിസ്തുമസ് മാർക്കറ്റുകൾ പ്രവർത്തിക്കുന്നതാണ്. ഈ സാമ്പത്തിക വർഷം വിപണി ഇടപെടലിനായി ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 65 കോടി രൂപയിൽ 64 കോടി രൂപയും സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെ 35 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സി) സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ നൽകുന്ന ഉല്പന്നങ്ങളുടെ അളവു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ഭൂമിയുടെ ന്യായവില

225(3111) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ തീർക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കേരള മുദ്രപത്ര നിയമം വകുപ്പ് 28 എ 4-ാം ഉപവകുപ്പിൽ ഭേദഗതി വരുത്തിക്കൊണ്ട് അന്തിമ ന്യായവില സംബന്ധിച്ച അപ്പീലുകൾ സമർപ്പിക്കുന്നതിനുള്ള കാലപരിധി വിജ്ഞാപന തീയതി മുതൽ 30 ദിവസം എന്നത് ഒരു വർഷമായി നീട്ടുകയും മതിയായ കാരണമുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന സംഗതികളിൽ ഒരു

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിനുശേഷം സമർപ്പിക്കപ്പെടുന്ന അപ്പീലുകളും പരിഗണിക്കുവാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തു. അപ്പീലിന്മേലുള്ള ജില്ലാ കളക്ടറുടെ ഉത്തരവിൽ അതൃപ്തി ഉള്ളവർക്ക് റിവ്യൂഹർജി സമർപ്പിക്കുന്നതിന് കേരള മുദ്രപത്ര നിയമം 28 എ വകുപ്പിന്റെ (5) ഉപവകുപ്പിൽ പുതുതായി വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്പീലുകളുടെ ത്വരിതഗതിയിലുള്ള തീർപ്പാക്കലിനായി ഗവൺമെന്റ് സെക്രട്ടറി തലത്തിൽ തുടർച്ചയായും കൂടാതെ ചീഫ് സെക്രട്ടറി തലത്തിലും കോൺഫറൻസുകൾ നടത്തി അപാകതകൾ പരിഹരിക്കുന്നതു സംബന്ധിച്ച് അവലോകനങ്ങൾ നടത്തുകയും അപ്പീലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. അപ്പീലുകൾ ലഭിക്കുന്നത് ഒരു തുടർപ്രക്രിയ ആയതിനാൽ തുടർന്നു ലഭിക്കുന്ന അപ്പീലുകളും പരിഗണിച്ചു വരുന്നുണ്ട്. വിലനിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച അപ്പീലുകൾ തീർപ്പാക്കുന്ന പ്രവർത്തനം ജില്ലാ കളക്ടർ തലത്തിലും വില നിർണ്ണയിക്കാൻ വിട്ടുപോയ ഭൂമിയുടെ വില നിർണ്ണയിക്കുന്ന പ്രവർത്തനം ആർ.ഡി.ഒ. തലത്തിലുമാണ് നടക്കുന്നത്. ഫെയർവാല്യൂ പുതുക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഒരു സംസ്ഥാനതല സബ് കമ്മിറ്റി രൂപവത്കരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ), ലാന്റ് റവന്യൂ കമ്മീഷണർ, രജിസ്ട്രേഷൻ ഐ.ജി., 4 ജില്ലാ കളക്ടർമാർ, 4 സബ് കളക്ടർമാർ എന്നിവർ ചേർന്നുള്ളതാണ് സബ് കമ്മിറ്റി. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയാണ് ചെയർമാൻ.

(ബി&സി) ന്യായവില നിർണ്ണയത്തെക്കുറിച്ച് പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഫെയർ വാല്യൂ നിശ്ചയിച്ചതിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള അപ്പീൽ സംബന്ധിച്ച് ജില്ലാ കളക്ടർ തീരുമാനം എടുക്കുന്നതിനുള്ള സമയപരിധി 90 ദിവസം എന്നത് 60 ആയി കുറച്ചുകൊണ്ട് 1995-ലെ The Kerala Stamp (Fixation of Fair Value of Land) Rules-ൽ ഭേദഗതി വരുത്തി 9-10-2015-ലെ G.O.(P)185/2015/TD നമ്പരായി ഉത്തരവായിട്ടുണ്ട്. റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനായി 1995-ലെ The Kerala Stamp (Fixation of Fair Value of Land) Rules -ൽ 5 A എന്ന ഒരു ചട്ടം കൂടി ചേർത്തിട്ടുമുണ്ട്.

വസ്തു രജിസ്ട്രേഷൻ മുഖേനയുള്ള വരവ്

226(3112) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വസ്തു രജിസ്ട്രേഷന്റെ എണ്ണം ദിനംപ്രതി കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ;

2011 മുതൽ നാളിതുവരെ ഓരോ വർഷവും എത്ര രജിസ്ട്രേഷനാണ് സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly